6. ഐ.ടി.ഐ.-കളിൽ ഐ.റ്റി. ലാബ് ആരംഭിക്കുന്നതിന് 141 ലക്ഷം രൂപ.

7. വിവിധ ഐ.ടി.ഐ.-കളിൽ ക്ലാസ് റൂം, വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന്- 240 ലക്ഷം രൂപ.

8. 10 ഐ.ടി.ഐ.-കളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് 30 ലക്ഷം രൂപ.

(ബി) ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുക, ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുക, വർക്ക്ഷോപ്പുകൾ നവീകരിച്ച് യന്ത്ര സാമഗ്രികൾ/പണിയായുധങ്ങൾ പരിഷ്കരിക്കുക. ഫർണിച്ചറുകൾ, പാഠപുസ്തകം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എന്നിവ സമാഹരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ നിർവ്വഹിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടത്തുന്നത്.

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ ഈ പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം പണിയുകയും ജനറൽ കാർപ്പന്റർ, പ്ലംബർ, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക് എന്നീ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-യ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഐ.റ്റി.ഐ. പാഠ്യപദ്ധതി പരിഷ്കരണവും കോഴ്സുകൾ ആരംഭിക്കലും

303 (992) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ഐ.റ്റി.ഐ.-കളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിലുണ്ടായിരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്നും എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഐ.റ്റി.ഐ.-കൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഫിറ്റർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, ടർണർ. വെൽഡർ എന്നീ ട്രേഡുകളുടെ സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഉണ്ടായിരുന്ന താഴെപ്പറയുന്ന ട്രേഡുകൾ നിർത്തൽ ചെയ്തിട്ടുണ്ട്:

1. സാനിട്ടറി ഹാർഡ്വെയർ ഫിറ്റർ
2. മെക്കാനിക്ക് റേഡിയോ ആന്റ് ടി.വി
3. മെക്കാനിക്ക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്
4. മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ്
5. മെക്കാനിക്ക്-കം-ഓപ്പറേറ്റർ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ്
6. ഡാറ്റ എൻട്രി ഓപ്പറേറ്റർ
7. മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ
8. നെറ്റ് വർക്കിംഗ് ടെക്നീഷ്യൻ
9. ക്രാഫ്റ്റ്സ്മാൻ ഫുഡ് പ്രൊഡക്ഷൻ (വെജിറ്റേറിയൻ)
10. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
11. സെന്റേഴ്സ് ഓഫ് എക്സലൻസ് (സി.ഒ.ഇ.)
    - (i) ഇലക്ട്രിക്കൽ സെക്ടർ
    - (ii) അപ്പാരൽ സെക്ടർ
    - (iii) ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്) സെക്ടർ
    - (iv) ഫുഡ് പ്രോസസ്സിംഗ് സെക്ടർ
    - (v) ഇലക്ട്രോണിക് സെക്ടർ
    - (vi) കൺസ്ട്രക്ഷൻ & വുഡ് വർക്കിംഗ് സെക്ടർ
    - (vii) ഇൻഫർമേഷൻ ടെക്നോളജി സെക്ടർ

മേൽപറഞ്ഞ ട്രേഡുകളിൽ ക്രമ നമ്പർ (1) മുതൽ (9) വരെയുള്ളവയും ക്രമ നമ്പർ (11) സി.ഒ.ഇ. ട്രേഡുകളും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരമാണ് നിർത്തലാക്കിയത്. ക്രമ നമ്പർ (10) 'ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ്' തൊഴിൽ സാധ്യതയില്ലാത്തതിനാലാണ് നിർത്തലാക്കിയത്.

(സി) മേൽപ്രകാരം നിർത്തലാക്കിയ ട്രേഡുകൾക്ക് പകരം ആരംഭിച്ചിട്ടുള്ള ട്രേഡുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *. നിർത്തലാക്കിയ ട്രേഡുകൾ ഉണ്ടായിരുന്ന ഐ.ടി.ഐ.കളിൽ പകരം ട്രേഡുകൾ ആരംഭിക്കുക എന്ന മാനദണ്ഡത്തിലാണ് പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുള്ളത്.

ഗവ. ഐ.ടി ഐ., ആറ്റിങ്ങൽ

304 (993) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ ഗവ. ഐ. ടി. ഐ.യിൽ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചവയിൽ ഏതെല്ലാം കോഴ്സുകളിൽ പ്രവേശനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങൽ ഗവ. ഐ. ടി. ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ഗവ. ഐ. റ്റി. ഐ-ൽ നിർത്തലാക്കിയ ട്രേഡുകൾ ചുവടെ ചേർക്കുന്നു:

1. മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ
2. മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ
3. സ്റ്റെനോഗ്രാഫി & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്)
4. സി. ഒ. ഇ.- ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly